**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3252** **11-03-2025 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ അന്യത്ര സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക-അനധ്യാപക ജീവനക്കാർക്ക് അന്യത്ര സേവനവ്യവസ്ഥയിലോ റെന്റഡ് എംപ്ലോയ്മെന്റ് സർവ്വീസ് വ്യവസ്ഥയിലോ മറ്റ് വകുപ്പുകളിലേയ്ക്കോ, മന്ത്രിമാർ, എം.എൽ.എ.-മാർ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിലോ സേവനം അനുഷ്ഠിക്കുന്നതിന് നിയമ തടസ്സം എന്തെങ്കിലുമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | KER അധ്യായം XIV A ചട്ടം 14 A പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക-അനധ്യാപക ജീവനക്കാർക്ക് അന്യത്ര സേവനം അനുവദനീയമാണ്. |
| (ബി) | പ്രൊബേഷൻ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപായി ഇത്തരത്തിൽ മേൽപ്പറഞ്ഞ സേവനങ്ങളിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പ്രസ്തുത സർവീസ് കാലയളവിൽ പ്രൊബേഷൻ ഡിക്ലറേഷൻ നടത്തുവാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ചട്ടം 18 (f) പ്രകാരം പ്രൊബേഷൻ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപായി അന്യത്ര സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പ്രസ്തുത സർവ്വീസ് കാലയളവിൽ പ്രൊബേഷൻ ഡിക്ലറേഷൻ നടത്തുവാൻ കഴിയുന്നതാണ്. |
| (സി) | ആയതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ; വിശദ വിവരം നൽകാമോ; | (സി) | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ചട്ടം 18 (f) പ്രകാരം പ്രൊബേഷൻ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപായി അന്യത്ര സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പ്രസ്തുത സർവ്വീസ് കാലയളവിൽ പ്രൊബേഷൻ ഡിക്ലറേഷൻ നടത്തുവാൻ കഴിയുന്നതാണ്. |
| (ഡി) | പ്രസ്തുത ജീവനക്കാർ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ കഴിയുമോ; വിശദമാക്കാമോ? | (ഡി) | ഹൈസ്കൂൾ വരെയുള്ള വിഭാഗത്തിൽ KER അധ്യായം XXI ചട്ടം 7(4) പ്രകാരം ഒരു അധ്യയന വർഷമോ അതിൽ കൂടുതലോ ദൈർഘ്യമുള്ള ഹ്രസ്വകാല ഒഴിവുകളിൽ സംരക്ഷിത അധ്യാപകരുടെ പട്ടികയിൽ നിന്ന് അധ്യാപകരെ നിയമിക്കേണ്ടതാണ്. 30 ദിവസത്തിൽ അധികരിക്കുന്നതും ഒരു വർഷത്തിൽ താഴെയുള്ളതുമായ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിലും നിയമിക്കേണ്ടതാണ്. ഹയർ സെക്കന്ററി , വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ഇത്തരം ഒഴിവുകളിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ